(ബി) ഐ. ടി. മേഖലയിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതിനും ക്ഷേമ വ്യവസ്ഥ നിർദ്ദേശിക്കുന്നതിനുമായി നിയമ നിർമ്മാണം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇതിനായി കേന്ദ്ര ട്രേഡ് യൂണിയനുകളുമായും കമ്പനി ഉടമകളു മായും ചർച്ചനടത്തുമോ ;

(ഡി) ഐ. ടി. കമ്പനികളിൽ തൊഴിലാളികളെ പിരിച്ചു വിട്ടതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.ടി. കമ്പനികളുടെമേൽ തൊഴിൽ വകുപ്പിനുള്ള അധികാരങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഇൻഫർമേഷൻ ടെക്നോളജി മേഖലയിലെ ജീവനക്കാർക്ക് മിനിമം കൂലി, ക്ഷേമപദ്ധതി എന്നിവ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) ഐ. ടി. കമ്പനികളിൽ തൊഴിലാളികളെ പിരിച്ചു വിട്ടതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യവസായ തൊഴിൽ തർക്ക നിയമമനുസരിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സ്പെഷ്യൽ സാമ്പത്തിക മേഖലയിൽ ഉൾപ്പെടാത്ത ഐ.ടി കമ്പനികളിൽ തൊഴിൽ നിയമങ്ങൾ ബാധകമായതിനാൽ പരിശോധന നടത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതിന് തൊഴിൽ വകുപ്പിന് അധികാരമുണ്ട്.

രാഷ്ട്രസ്വാസ്ഥ്യ ബീമായോജന

40 (5445) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് രാഷ്ട്രസ്വാസ്ഥ്യ ബീമയോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് കേന്ദ്രം എത്ര കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചത് ; ഇതിൽ എന്തു തുക ഇതിനോടകം ചെലവഴിച്ചു ;

(ബി) ഈ തുക ഉപയോഗിച്ച് സംസ്ഥാനത്തെ എത്ര ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് ഇതിന്റെ ഗുണഭോക്താക്കൾ ആകുവാൻ കഴിഞ്ഞു ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന നടപ്പാക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വിഹിതമായി 41.85 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക മുഴുവൻ ചെലവാക്കി.

(ബി) 1178022 കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളായി.

(സി) സംസ്ഥാനത്ത് പദ്ധതി ആദ്യവർഷം തന്നെ എല്ലാ ജില്ലകളിലും നടപ്പാക്കി.

ആരോഗ്യ ഇൻഷ്വറൻസ്

41 (5446) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് സഹായം എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

രാഷ്ട്രീയസ്വാസ്ഥ്യ ബീമായോജന (RSB)-യുടെ പരിധിയിൽ വരുന്ന 11.79 ലക്ഷം ബി.പി.എൽ. കുടുംബങ്ങളുടെ ഇൻഷുറൻസ് പ്രീമിയത്തിന്റെ 75% കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. ഇതിനുപുറമേ വരുന്ന കുടുംബങ്ങളാണ് സംസ്ഥാന സർക്കാർ പദ്ധതിയായ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (CHIS) ഉൾപ്പെടുന്നത്. ഇവരുടെ മുഴുവൻ ചെലവും സംസ്ഥാന സർക്കാരാണു വഹിക്കുന്നത്. എന്നാൽ ഇതിനുള്ള സോഫ്റ്റ്വെയർ സഹായം നൽകുന്നതു കേന്ദ്ര സർക്കാരാണ്. RSB-യുടെ കേന്ദ്ര വിഹിതമായി കഴിഞ്ഞ വർഷം 41.85 കോടി രൂപ ലഭിച്ചിരുന്നു.

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

42 (5447) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. എൻ. ശക്തൻ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിലൂടെ ഓരോ ആരോഗ്യ സ്ഥാപനത്തിനും ലഭിക്കുന്ന ഇൻഷ്വറൻസ് തുക അതത് ആശുപത്രികളുടെ വികസനത്തിന് ഉപയോഗിക്കാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;